പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2652

21/06/2012-ൽ മറുപടി
നല്കേണ്ടിയിരുന്നത്

## സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങളും കേരള ഭൂബാങ്ക് പ്രോജക്ടും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.അടൂർ പ്രകാശ് (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ വക ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കയ്യേറ്റങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) സർക്കാർ ഭൂമിയിൽ നടന്ന കയ്യേറ്റങ്ങളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു (അനുബന്ധം I). |
| (ബി) കേരള സർക്കാർ നടപ്പിലാക്കിയ കേരള ഭൂബാങ്ക് പ്രോജക്ട് എന്നാണ് നിലവിൽ വന്നത്; അതിന്റെ ഘടന വ്യക്തമാക്കുമോ; | (ബി) കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് പ്രോജക്ട് 18/02/2010 ന് നിലവിൽ വന്നു. ലാന്റ് ബാങ്കിന്റെ ഭരണപരമായ ഘടന ഇതോടൊപ്പം പ്രത്യേകം ചേർക്കുന്നു (അനുബന്ധം II). |
| (സി) നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പ്രോജക്ട് മുഖേന നടത്തിയതെന്ന് വിശദമാക്കുമോ; | (സി) കേരളത്തിലെ ഓരോ തുണ്ട് സർക്കാർ ഭൂമിയുടെയും വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ അതാത് ഡെപ്യൂട്ടി കളക്ടർമാർ സാക്ഷ്യപ്പെടുത്തി ലാന്റ് ബാങ്കിൽ ലഭ്യമാക്കുന്നു. ഓരോ സർക്കാർ ഭൂമിയുടെയും സ്കെച്ചും, ഫോട്ടോഗ്രാഫും പ്രയോജനപ്പെടുത്തി വിശദ പരിശോധനയ്ക്ക് ശേഷം പ്രത്യേകം തയ്യാറാക്കിയ സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നു. ജില്ലകളിൽ നിന്നും ലഭിക്കുന്ന സ്കെച്ചുകൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികളും ലാന്റ് ബാങ്കിൽ നടന്നുവരുന്നു. ഇപ്രകാരം കമ്പ്യൂട്ടർവത്ക്കരിച്ച വിവരങ്ങൾ ലാന്റ് ബാങ്കിന്റെ http://www.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.<br>പൊതുജനങ്ങൾക്ക് വിവരങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുന്നതിന് ഉതകുംവിധം ഓരോ സർക്കാർ ഭൂമിക്കും 12 ക്യാരക്ടറുള്ള ഒരു യൂണിക് ഐ.ഡി. നമ്പർ നല്കുന്നു. ഇതിന്റെ സഹായത്താൽ വെബ്സൈറ്റിൽ നിന്നും സർക്കാർ വകുപ്പുകൾക്കും, പൊതുജനങ്ങൾക്കും ഓരോ സർക്കാർ ഭൂമിയുടെയും വിവരങ്ങൾ വേഗത്തിൽ ലഭിക്കുന്നു.<br>ലാന്റ് ബാങ്കിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഉൾപ്പെടാതെ പോയിട്ടുള്ള സർക്കാർ ഭൂമികളോ അനധികൃത കൈയേറ്റമോ മറ്റ് വിവരങ്ങളോ ഉണ്ടെങ്കിൽ ആയവ 1800 425 5255 എന്ന ടോൾ ഫ്രീ നമ്പരിൽ |

| | |
|---|---|
| | വിളിച്ചറിയിച്ച് ഈ സംരംഭത്തിൽ പൊതുജനങ്ങൾക്കും ഭാഗമാകാനുള്ള അവസരവും ഏർപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന പരാതിയിൽ വില്ലേജാഫീസിൽ നിന്നും 24 മണിക്കൂറിനുള്ളിൽ നിശ്ചിത ഫോർമാറ്റിൽ വിവരം ലഭ്യമാക്കിയ ശേഷം ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നു. കൈയേറ്റം ഉണ്ടാകുന്ന സർക്കാർ ഭൂമികളിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിനും ഒഴിപ്പിച്ച സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുമായി ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നല്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പ്രോജക്ടിനായി ഈ സാമ്പത്തികവർഷം എത്ര തുകയാണ് അനുവദിച്ചതെന്നും ഇതിൽ എത്ര ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | (ഡി) കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് പ്രോജക്ടിനായി 2012 -13 സാമ്പത്തിക വർഷത്തിൽ 04/06/2012ലെ ജി.ഒ. (എം.എസ്) 231/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1 കോടി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 48112/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

[illegible]